# കേരള സർവകലാശാല

നം. പി.ആർ.222/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.ജി പ്രവേശനം 2017-18 : രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു – ഒക്ടോബർ 12,13 തീയതികളിൽ കോളേജ് പ്രവേശനം

കേരള സർവകലാശാല 2017–2018 അദ്ധ്യയന വർഷത്തെ പി.ജി. പ്രവേശനത്തിനുള്ള രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് (www.admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചു. ആപ്ലിക്കേഷൻ നമ്പരും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷകർ തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അഡ്മിഷൻ ഫീസ് അടയ്ക്കുന്നതിനുള്ള ചലാൻ പ്രിന്റൗട്ട് എടുത്ത് എസ്.ബി.ഐയുടെ ഏതെങ്കിലും ശാഖയിൽ ഫീസ് അടയ്ക്കണം. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 900 രൂപയും എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗത്തിന് 340 രൂപയും ആണ്. മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ച് അഡ്മിഷൻ ഫീസ് ഒടുക്കിയവർ വീണ്ടും അഡ്മിഷൻ ഫീസ് അടയ്ക്കേണ്ടതില്ല. അഡ്മിഷൻ ഫീസ് ഒടുക്കിയ അപേക്ഷകർ ഫീസടച്ചതിന്റെ വിവരം വെബ്സൈറ്റിൽ നൽകിയ ശേഷം അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ എടുക്കേണ്ട തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ഉണ്ടായിരിക്കും. 2017 ഒക്ടോബർ 12, 13 തീയതികളിലാണ് കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടത്. യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക) മെമ്മോയിൽ പ്രസ്താവിച്ചിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അതത് കോളേജുകളിൽ അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ യാതൊരു കാരണവശാലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. മുൻപുള്ള അലോട്ട്മെന്റുകളിൽ കോളേജുകളിൽ അഡ്മിഷൻ നേടിയവർക്ക് രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രകാരം തങ്ങളുടെ ഹയർ ഓപ്ഷനുകളിലേതിലെങ്കിലും പുതിയ അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ പഠിച്ചു കൊണ്ടിരിക്കുന്ന കോളേജിൽ നിന്നും ടി.സി. വാങ്ങിയ ശേഷം പുതിയ അലോട്ട്മെന്റ് പ്രകാരമുള്ള കോളേജിൽ അഡ്മിഷൻ എടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടേണ്ടതിനായി അലോട്ട്മെന്റ് മെമ്മോയിൽപറഞ്ഞിരിക്കുന്ന സമയത്ത് അലോട്ട്മെന്റ് ലഭിച്ച കോളേജിൽ അഡ്മിഷൻ എടുക്കേണ്ടതാണ്. അഡ്മിഷൻ എടുത്തവർ ആ സീറ്റിൽ സംതൃപ്തരാണെങ്കിൽ ഒക്ടോബർ 16 വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് അവരുടെ ഹയർ ഓപ്ഷനുകൾ നീക്കം ചെയ്യേണ്ടതാണ്. നിലനിർത്തപ്പെടുന്ന ഹയർ ഓപ്ഷനുകൾ തുടർന്നു വരുന്ന അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതും പുതിയ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ആ സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

## പി.എച്ച്.ഡി നൽകും

രാഖി.എസ്.ആർ, ഫർസാന എ.കെ, ശ്രീജ.ആർ.എസ്, ഗീത.എസ്, (ഹിന്ദി), വിജില.വി, ഫസ്ലോല്ലാഹ് പോർണോർ, ലക്ഷ്മി പ്രസന്നൻ, നദേർ ആങ്കോറ്റിൻ, ലെതി.എൽ.ബി, പ്രദീഷ്.എസ്, മഞ്ജു. എസ്.വി, സുരേഷ്കുമാർ.കെ, ബിജൻ അലിപൗർ, സജീവ്.എച്ച് (കൊമേഴ്സ്), ശോഭ. എസ്, ജയകുമാർ ആർ, രശ്മി.ബി (എഡ്യൂക്കേഷൻ), സിബി.ആർ.ഉദയ്, സപ്ന. ഒ.പി, (സംസ്കൃതം), രശ്മി.എച്ച്.ഫെർണാണ്ടസ്, ധനേഷ്.ഒ.കെ, അനിൽകുമാർ. യു.പി (പൊളിറ്റിക്കൽ സയൻസ്), രമേശ്.ജി, പ്രീത.എസ്, ഈശ്വരൻ.പി (തമിഴ്), ഫറാ സക്കറിയ, റുബീന. എസ് (ഇംഗ്ലീഷ്), സീന. എസ്.റ്റി (ലൈബ്രറി & ഇൻഫർമേഷൻ സയൻസ്), ബിന്ദു.എസ്, സീതാലക്ഷ്മി.വി, വിമൽ രാജ്.എ, സ്വരാജ്.സി (ഇക്കണോമിക്സ്), ലീന.എസ്.റ്റി, സജനി വേലായുധൻ, എയ്ഞ്ചല കനിനി കബരിയ (സൈക്കോളജി), അപർണ സുധീർ (മ്യൂസിക്), ഷാനിജ്.കെ (സുവോളജി), മാൻഷുറെ സയദ് പുർ സർഷേസ്മേ (ലിങ്കിസ്റ്റിക്സ്), തോമസ് ജോർജ് .കെ (മാനേജ്മെന്റ് സ്റ്റഡീസ്), സൗമ്യ.എസ് (ഹിസ്റ്ററി), പുഷ്പരാജ്. എൻ.എസ് (റഷ്യൻ), ലേഖ.എസ്.ബാബു, കല.ബി (മലയാളം), രജിത്ത്.എ.കെ (ഫിസിക്കൽ എഡ്യൂക്കേഷൻ), സരിത.എസ്.നായർ, ചിത്രാഞ്ജലി.റ്റി, (ബയോകെമിസ്ട്രി), ശ്രീകാന്ത് റ്റി.എസ്, മൃദുല.എൻ (ഫിസിക്സ്), നീതു.കെ. എസ്, സൗമ്യ.ബി.നായർ, രശ്മി.വി.ജി, രാജി. ജി.ആർ ,മഹേഷ്. കെ.വി (കെമിസ്ട്രി), ബിനുലാൽ.ബി.ആർ, അയ്യപ്പൻ.ജി, അഷ്ഫാക്ക്.എ (മെക്കാനിക്കൽ എഞ്ചിനീയറിംഗ്), ഷെയ്ഖ.ഇ.ജോൺ (എൻവയോൺമെന്റൽ സയൻസസ്), അജയ്.കെ.എൽ (ഫ്യൂച്ചേഴ്സ് സ്റ്റഡീസ്), സുനി ആനി മാത്യൂ, നദിയ.എഫ്, ജി.ശ്രീജിത്ത്.വി.ഗോപകുമാർ.പി.ഉഷാദേവി, അജിത്ത് കുമാർ.ജി.എസ്, രാജേഷ്.ബി.ആർ, പ്രിയാ ലക്ഷ്മി.എസ്, കൃഷ്ണ രാധിക. എൻ, സ്വാതി.ബി (ബയോടെക്നോളജി), സുജു സക്കറിയ. സി, ബീന.വി.എൽ, ബിന്ദു.പി.കെ (ബോട്ടണി), മുഹമ്മദ്മൊഹ്സിൻ അഹ്മദിനജാദ്, പ്രിയ. ആർ, മാളു. ജി (കമ്പ്യൂട്ടർ സയൻസ്), ചലന.എസ്.ആർ (ഒപ്റ്റോഇലക്ട്രോണിക്സ്), നവീൻ.എസ് (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്), രവിനേഷ്.ആർ (അക്വാട്ടിക് ബയോളജി & ഫിഷറീസ്), നവ്യ രാജ് (കമ്പ്യൂട്ടേഷണൽ ബയോളജി & ബയോഇൻഫർമാറ്റിക്സ്), എന്നിവർക്ക് പി.എച്ച്.ഡി നൽകാൻ തീരുമാനിച്ചു.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

## പ്രാക്ടിക്കൽ പരീക്ഷ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.പി.എ വോക്കൽ (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 16 മുതൽ ശ്രീസ്വാതിതിരുനാൾ സംഗീത കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ(www.keralauniversity.ac.in) ലഭ്യമാണ്.

## പരീക്ഷകൾക്ക് അപേക്ഷിക്കാം

കേരള സർവകലാശാലയുടെ പഠനവകുപ്പുകളിൽ നവംബർ ഏഴിനു തുടങ്ങുന്ന മൂന്നാം സെമസ്റ്റർ (2016–2018) എം.എ, എം.സ്.സി, എം.കോം, എം.സി.ജെ, എം.എസ്.ഡബ്ല്യൂ, എം.എൽ.ഐ.എസ്സി, എം.എഡ് പരീക്ഷക്ക് ഫൈനില്ലാതെ ഒക്ടോബർ 24നും, 50 രൂപ ഫൈനോടുകൂടി ഒക്ടോബർ 26നും 125 രൂപ ഫൈനോടുകൂടി ഒക്ടോബർ 30 വരെയും ഫീസടച്ച് അപേക്ഷിക്കാം.

## ഡോക്ടർ കെ.എൻ പൈ മെമ്മോറിയൽ ക്വിസ് മത്സരം

കേരള സർവകലാശാലയുമായി അഫിലിയേഷനുള്ള കോളേജുകളിലെയും ഡിപ്പാർട്ട്മെന്റുകളിലെയും വിദ്യാർത്ഥികൾക്കായി ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസസ്, ഡോക്ടർ കെ.എൻ പൈ മെമ്മോറിയൽ ക്വിസ് മത്സരം സംഘടിപ്പിച്ചിരിക്കുന്നു. ഓരോ സ്ഥാപനത്തിൽ നിന്നും രണ്ട് പേരടങ്ങുന്ന ഒരു ടീമിന് പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കുവാൽ താല്പര്യമുള്ള ടീമംഗങ്ങൾ ഒക്ടോബർ 25 നോ അതിനു മുൻപായോ dsskeralauty@gmail.com എന്ന ഇ-മെയിൽ ഐഡിയിൽ അതാത് പ്രിൻസിപ്പൽ/എച്.ഒ.ഡിയുടെ ഇമെയിൽ ഐഡിയിൽ നിന്നും രജിസ്റ്റർ ചെയ്യേണ്ടതാണ്.

*(തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട എഡിഷനുകളിൽ പ്രസിദ്ധീകരിക്കുന്നതിന്)*

## പ്രാക്ടിക്കൽ പരീക്ഷ

കേരള സർവകലാശാലയുടെ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.കോം കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (138) പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 24 മുതൽ അതത് സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ(www.keralauniversity.ac.in) ലഭ്യമാണ്.

## സർട്ടിഫിക്കേറ്റ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ – ഈവനിംഗ് ബാച്ച് – തീയതി നീട്ടി

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കേറ്റ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ – ഈവനിംഗ് കോഴ്സിന് ഒക്ടോബർ 21 വരെ അപേക്ഷിക്കാം. യോഗ്യത : പ്ലസ് ടു/ പ്രീ-ഡിഗ്രി ജയിച്ചിരിയ്ക്കണം. ഫീസ് : 6000 രൂപ, അപേക്ഷ ഫീസ് : 100 രൂപ . ക്ലാസ്സുകൾ: തിങ്കൾ മുതൽ ശനി വരെ – വൈകുന്നേരം അഞ്ചു മണി മുതൽ ഏഴ് മണി വരെ. വിശദ വിവരങ്ങൾക്ക് തിരുവനന്തപുരം പി.എം.ജി ജംങ്ഷനിലെ സി.എ.സി.ഇ.ഇ കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ : 0471–2302523.

## സർട്ടിഫിക്കറ്റ് ഇൻ ടി.വി. ന്യൂസ്റീഡിംഗ് ആന്റ് കോംപയറിംഗ് – സീറ്റൊഴിവ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിൽ 28ന് ക്ലാസ്സ് ആരംഭിക്കുന്ന "സർട്ടിഫിക്കറ്റ് ഇൻ ടി.വി. ന്യൂസ് റീഡിംഗ് ആന്റ് കോംപയറിംഗ്" കോഴ്സിന് ഏതാനും സീറ്റൊഴിവുണ്ട്. യോഗ്യത : പ്ലസ് ടു/ പ്രീ-ഡിഗ്രി ജയിച്ചിരിയ്ക്കണം. കോഴ്സ് കാലാവധി : മൂന്ന് മാസം, ഫീസ് : 10,000 രൂപ മാത്രം, അപേക്ഷഫീസ് : 150 രൂപ, ക്ലാസ്സുകൾ: ശനി, ഞായർ ദിവസങ്ങളിൽ മാത്രം. വിശദ വിവരങ്ങൾക്ക് തിരുവനന്തപുരം പി.എം.ജി ജംങ്ഷനിലെ സി.എ.സി.ഇ.ഇ കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ : 0471–2302523.

## ബി.പി.എഡ് ടൈംടേബിൾ

കേരള സർവകലാശാല ഒക്ടോബർ, നവംബറിൽ നടത്തുന്ന ബാച്ചലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (ബി.പി.എഡ്) അഞ്ച്, ഏഴ് സെമസ്റ്റർ പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ(www.keralauniversity.ac.in) ലഭ്യമാണ്.

## ടൈംടേബിൾ വെബ്സൈറ്റിൽ

കേരള സർവകലാശാല ഒക്ടോബറിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസ് പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ(www.keralauniversity.ac.in) ലഭ്യമാണ്.

## അസാധാരണ മുടി കൊഴിച്ചിൽ രക്ത സാമ്പിൾ ശേഖരണം

കേരള സർവകലാശാല ജന്തുശാസ്ത്ര പഠനവകുപ്പ് അസാധാരണ മുടികൊഴിച്ചിൽ അഥവാ അലോപീഷ്യ അറീടിയ എന്ന വിഷയത്തിൽ നടത്തുന്ന ഗവേഷണങ്ങളുടെ ഭാഗമായി അസാധാരണ മുടികൊഴിച്ചിൽ അനുഭവപ്പെടുന്നവരിൽ നിന്നും രക്ത സാമ്പിളും സ്കാൽപ്പ് ബയോപ്സിയും സൗജന്യമായി ശേഖരിക്കുന്നു. ഹ്യൂമൺ എത്തിക്കൽ കമ്മിറ്റിയുടെ അനുമതിയോടെയാണ് ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നത്. സാമ്പിൾ ശേഖരിക്കൽ പ്രക്രിയ തീർത്തും സുരക്ഷിതമാണ്. സാമ്പിളുകൾ നൽകാൻ താൽപര്യമുള്ളവർ ഡോ. ശ്രീജിത്ത്. പി (അസിസ്റ്റന്റ് പ്രൊഫസർ) മായി ബന്ധപ്പെടുക. ഫോൺ : 9496793794, 9497375273, 9496330145.

തിരുവനന്തപുരം.
12.10.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in